(ബി) തലശ്ശേരി കോട്ടയിൽനിന്ന് കണ്ടെടുത്ത പീരങ്കികളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾക്കായി പോർട്ട് കൺസർവേറ്ററിൽനിന്നും 3 ലക്ഷം രൂപ പുരാവസ്തു വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഭാരമേറിയ പ്രസ്തുത പീരങ്കികൾ ഉയർത്തി വശങ്ങൾ ചലിപ്പിച്ച് സംരക്ഷണപ്പണികൾ ചെയ്യുന്നതിനായി സൗകര്യപ്രദവും സ്വതന്ത്രവുമായ സ്ഥല സൗകര്യം ആവശ്യമുള്ളതിനാൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കി സംരക്ഷണപ്പണികൾ ആരംഭിക്കുന്നതാണ്.

കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയം

72 (1440) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന സ്വീപ്പർമാർ അടക്കമുള്ള ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയത്തിൽ സ്വീപ്പർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ആയതിനാൽ മ്യൂസിയത്തിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നമുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

73 (1441) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര ബുദ്ധ ജംഗ്ഷനിലെ ബുദ്ധസ്തൂപവും പ്രദേശവും സംരക്ഷിക്കുന്നതിനായി മാവേലിക്കര ബുദ്ധ ജംഗ്ഷൻ മുതൽ ആറാട്ടുകടവുവരെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരികവകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മാവേലിക്കര എ.ആർ. രാജരാജവർമ്മ സ്മാരകം ശാരദാ മന്ദിരത്തിൽ സാംസ്കാരിക മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു.

2. മലയാള ശാകുന്തളത്തിന്റെ ശതാബ്ദി പതിപ്പ് പ്രസിദ്ധീകരിച്ചു.

3. എ.ആർ. രാജരാജവർമ്മയുടെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായി കേരള പാണിനി എ.ആർ. രാജരാജവർമ്മ ഹ്രസ്വചിത്രം നിർമ്മിച്ചു.

4. മാവേലിക്കരയിൽ എ.ആർ. ജംഗ്ഷൻ പ്രഖ്യാപിച്ചു.

5. മാവേലിക്കര നരേന്ദ്ര പ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ ആസ്ഥാന മന്ദിരം നിർമ്മിച്ച് ഉദ്ഘാടനം ചെയ്തു. പ്രസ്തുത പഠന ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് റഫറൻസ് ലൈബ്രറി ആരംഭിക്കുന്നതിനുള്ള പുസ്തകങ്ങൾ വാങ്ങി സജ്ജീകരിച്ചു.

(ബി) മാവേലിക്കര ബുദ്ധ ജംഗ്ഷനിലെ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ ബുദ്ധ മണ്ഡപവും പ്രതിമയും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ബുദ്ധ ജംഗ്ഷൻ മുതൽ ആറാട്ടുകടവുവരെ വഴിവിളക്കുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരാവസ്തുവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

കണ്ണപുരം കലാഗ്രാമം

74 (1442) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; കലാഗ്രാമത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദമാക്കാമോ ?

ഉത്തരം

കണ്ണപുരം കലാഗ്രാമം സ്ഥാപിക്കുന്നതിന് 5.50 കോടി രൂപയുടെ പദ്ധതി ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്. അനുമതി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.